**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **14-09-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലം ആസ്തി വികസന ഫണ്ട് പ്രത്യേക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി ബ്ലോക്കിൽ ഉൾപ്പെടുന്ന പള്ളിക്കൽ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രത്തിലും തിരൂരങ്ങാടി ബ്ലോക്കിൽ ഉൾപ്പെടുന്ന പെരുവള്ളൂർ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രത്തിലും വാഹനം വാങ്ങുന്നതിന് 2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി ബ്ലോക്കിൽ ഉൾപ്പെടുന്ന പള്ളിക്കൽ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രത്തിലും തിരൂരങ്ങാടി ബ്ലോക്കിൽ ഉൾപ്പെടുന്ന പെരുവള്ളൂർ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രത്തിലും വാഹനം വാങ്ങുന്നതിന് 2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ (ഫയൽ നമ്പർ -എൻസി-സി1/26/2023-ധന) ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയാണ്. പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ജില്ലാകളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ അടിയന്തിര പ്രാധാന്യം നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | വള്ളിക്കുന്ന് മണ്ഡലം ആസ്തി വികസന പദ്ധതി 2014-15 പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ പുള്ളിപ്പുഴക്ക് കുറുകെ അയ്യപ്പൻകാവ് മുനമ്പത്ത് കടവ് പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പാലത്തിന്റെ അനുബന്ധ റോഡായ ചക്കുവളവ് ചാലിപ്പറമ്പ് മുനമ്പത്ത് കടവ് റോഡിന്റെ നവീകരണത്തിനായി വിനിയോഗിക്കുവാൻ അനുവാദം നൽകാമോ; വ്യക്തമാക്കാമോ; | (ബി) | വള്ളിക്കുന്ന് മണ്ഡലം ആസ്തി വികസന പദ്ധതി 2014-15 പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ പുള്ളിപ്പുഴക്ക് കുറുകെ അയ്യപ്പൻകാവ് മുനമ്പത്ത് കടവ് പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പാലത്തിന്റെ അനുബന്ധ റോഡായ ചക്കുവളവ് ചാലിപ്പറമ്പ് മുനമ്പത്ത് കടവ് റോഡിന്റെ നവീകരണത്തിനായി വിനിയോഗിക്കുവാൻ അനുവാദം നല്കുന്നതുമായി ബന്ധപ്പെട്ട സംബന്ധിച്ച ഒരു പ്രൊപ്പോസൽ (ഫയൽ നമ്പർ -എൻസി-സി1/24/2023-ധന) ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയാണ്. പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ജില്ലാകളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ അടിയന്തിര പ്രാധാന്യം നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന്റെ ഭാഗമായി റിപ്പോർട്ടുകൾ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ | (സി) | മേൽ വിഷയങ്ങളിൽ നിലവിൽ ജില്ലാ കളക്ടറിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് 06.05.2023 ന് കത്തും 10.07.2023, |

| | | | |
|---|---|---|---|
| | റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | | 12.07.2023, 05.09.2023 തിയതികളിൽ ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ